I/575841/2023

"ഭരണഭാഷ - മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

ജോയിന്റ് ഡയറക്ടറുടെ നടപടിക്രമം
(നിലവിൽ: രതീശൻ സി)

വിഷയം:- വ്യവസായിക പരിശീലന വകുപ്പ്-ട്രെയിനിംഗ് ഡയറക്ടറേറ്റ്-ജീവനക്കാര്യം-സീനിയർ ഇൻസ്ട്രക്ടർ തസ്തികയിലെ ജീവനക്കാരുടെ താൽക്കാലിക ഗ്രഡേഷൻ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത്-സംബന്ധിച്ച്

**ഉത്തരവ് നമ്പർ: DT/4202/2023-A2 തീയതി: 29-11-2023**

വകുപ്പിലെ സീനിയർ ഇൻസ്ട്രക്ടർമാരുടെ ഗ്രഡേഷൻ ലിസ്റ്റ് ഏറ്റവും ഒടുവിലായി പ്രസിദ്ധീകരിച്ചിരുന്നത് 23/01/2019 തീയതിയിലെ ഡി.റ്റി/468/2018-എ2 ഉത്തരവിൻ പ്രകാരമാണ്, ടി ഗ്രഡേഷൻ ലിസ്റ്റ് പ്രസിദ്ധീകരിച്ചതിന് ശേഷം താഴെപ്പറയുന്ന ജീവനക്കാരുടെ ഉദ്യോഗക്കയറ്റ തീയതി ചുവടെപ്പറയും പ്രകാരം പുന : ക്രമീകരിച്ചിട്ടുണ്ട്.

| ക്രമ നം. | പേര് | തീയതി | ഉത്തരവ് നമ്പർ |
|---|---|---|---|
| 1. | ജയമോഹൻ | 07/08/2012 | G.O (Rt) No. 573/2022/LBR dt: 10/05/2022 |
| 2. | ജലജാദേവി.കെ.എസ് | 01/05/2012 | G.O (Rt) No. 414/2022/LBR dt: 26/03/2022 |
| 3. | പ്രീതകുമാരി.എസ് | 01/04/2011 | G.O (Rt) No. 414/2022/LBR dt: 26/03/2022 |
| 4. | മധുസൂദന പണിക്കർ.എം.വി | 01/08/2014 | G.O (Rt) No. 414/2022/LBR dt: 26/03/2022 |
| 5. | കെ.കെ.റഷീദ് | 01/05/2012 | G.O (Rt) No. 414/2022/LBR dt: 26/03/2022 |
| 6. | ജൂബി പീറ്റർ | 01/08/2014 | G.O (Rt) No. 414/2022/LBR dt: 26/03/2022 |
| 7. | ബി.സുനിൽ | 01/08/2020 | G.O (Rt) No. 414/2022/LBR dt: 26/03/2022 |
| 8. | പ്രകാശ്.ജി | 01/08/2013 | G.O (Rt) No. 414/2022/LBR dt: 26/03/2022 |
| 9. | ഗിരീഷ്.വി.ബി | 01/05/2012 | G.O (Rt) No. 414/2022/LBR dt: 26/03/2022 |
| 10. | ജോസി.കെ.ജെ | 17/06/2013 | Ltr No. C1/93/2021/തൊഴിൽ, തീയതി 16/11/2023 |
| 11. | സുരേഷ് മോഹൻ.പി | 24/04/2010 | ഡി.റ്റി/79/2019-എ2, തീയതി 11/10/2023 |
| 12. | ബിന്ദു.ആർ | 30/01/2008 | ജി.ഒ(ആർ.റ്റി) നം.1358/2020/തൊഴിൽ, തീയതി 15/12/2020 |
| 13. | ടെന്നിസൺ.എൻ | 23/12/2003 | Ltr. No.C1/143/2017/LBR Dt: |

| | | | |
|---|---|---|---|
| | | | 11/11/2019 |
| 14. | അജിത് എ.എ | 04/10/2012 | സ.ഉ (സാധാ) നം.403/2020/LBR തീയതി 23/03/2020 |

ടി ജീവനക്കാരെ ഇപ്പോൾ തയ്യാറാക്കിയിട്ടുള്ള കരട് ലിസ്റ്റിൽ അർഹമായ സ്ഥാനങ്ങളിൽ ക്രമീകരിച്ചിട്ടുണ്ട്.

2. എ2/33549/2017 തീയതി 28/03/2018 ഉത്തരവിൻ പ്രകാരം സ്ഥാനക്കയറ്റം നൽകിയിരുന്ന ശ്രീ.യൂസഫ്.പി.എം-ന്റെ പ്രൊബേഷൻ കാലയളവ് പൂർത്തീകരിച്ചതിൻ ശേഷമാണ് 27/01/2015 ലെ എ7/49441/2014 നമ്പരായ ഉത്തരവ് പ്രകാരം ശൂന്യവേതനാവധിയിൽ പ്രവേശിച്ചത്. 26/09/2016-ൽ ടിയാൾ തിരികെ സേവനത്തിൽ പ്രവേശിച്ചു. ടി തീയതിയ്ക്ക് മുമ്പ് ടിയാളുടെ ജൂനിയറായ ജീവനക്കാർക്ക് സീനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം അനുവദിച്ചിട്ടുള്ളതിനാൽ 27/09/2016 പ്രാബല്യത്തിൽ ടിയാന് സ്ഥാനക്കയറ്റത്തിന് അർഹതയുണ്ട്.

3. 28/03/2018-ലെ എ2/33549/2017 നമ്പരായ ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം നൽകിയ ജീവനക്കാരുടെ സീനിയോരിറ്റി KS&SSR ചട്ടം 28(എ) പ്രകാരം ക്രമീകരിച്ചിട്ടുണ്ട്.

4. ശ്രീ.ഗിരീഷ്.വി.ബി-യുടെ സ്ഥാനക്കയറ്റം പ്രാബല്യത്തീയതി 01/05/2012 ആയി ക്രമീകരിച്ചിട്ടുണ്ട്.

5. ചാലക്കുടി ഐ.ടി.ഐയിലെ ശ്രീമതി.ഷജീറ.എ-യുടെ പരിവീക്ഷാകാലം 07/01/2020-നാണ് ഡിക്ലയർ ചെയ്തിട്ടുള്ളത്. ആയതിനാൽ ടിയാളുടെ സ്ഥാനക്കയറ്റ പ്രാബല്യ തീയതി 07/01/2020 ആയി പുന:ക്രമീകരിച്ചിട്ടുണ്ട്. ടിയാളുടെ ജൂനിയർ ആയ ശ്രീമതി.സിസ്ഡുറാണി.വി-യുടേയും സ്ഥാനക്കയറ്റ പ്രാബല്യ തീയതി 07/01/2020 ആയി ക്രമീകരിച്ചിട്ടുണ്ട്.

6. ശ്രീ.സുഭാഷ്.വി.ആർ സേവനത്തിൽ പ്രവേശിച്ച് പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് മുമ്പ് ശൂന്യവേതനാവധിയിൽ പ്രവേശിച്ചതിനാൽ ടിയാൻ തിരികെ സേവനത്തിൽ പ്രവേശിക്കുമ്പോൾ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്ത ജീവനക്കാർക്ക് ശേഷം ടിയാന്റെ ജൂനിയറായ മറ്റ് ജീവനക്കാർക്ക് മുകളിലാണ് സ്ഥാനം ക്രമീകരിക്കേണ്ടത്. ടിയാൻ തിരികെ സേവനത്തിൽ പ്രവേശിച്ച 26/09/2018-ൽ പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടുണ്ടായിരുന്ന ജീവനക്കാർക്ക് ശേഷവും ടിയാൻ പ്രൊബേഷൻ ഡിക്ലയർ ചെയ്തതിന് ശേഷം ഉണ്ടായ ഒഴിവിലുമാണ് ശ്രീ.സുഭാഷ്.വി.ആർ-നെ ക്രമീകരിക്കേണ്ടത്. ആയതിനാൽ ടിയാളെ ശ്രീമതി.ഷമീന.പി.എം, ശ്രീ.ആദർശ്.വി.ബി എന്നിവർക്ക് മുകളിലായി ക്രമീകരിക്കുന്നു. സീനിയർ ഇൻസ്ട്രക്ടർ തസ്തികയിലെ സീനിയോരിറ്റി സംബന്ധിച്ച് ശ്രീ.വിപിൻ തോട്ടോൻ വീട്,ശ്രീമതി സജിനകുമാരി എം.എ എന്നിവർ നൽകിയ പരാതി ടി സാഹചര്യത്തിൽ നിലനിൽക്കുന്നതല്ല.

ഇപ്രകാരം 01.06.2023 വരെയുള്ള സീനിയർ ഇൻസ്ട്രക്ടർ തസ്തികയിലെ ജീവനക്കാരുടെ കരട് സിനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നു.ടീ ഗ്രഡേഷൻ ലിസ്റ്റ് സംബന്ധമായ പരാതികൾ ഉള്ള ജീവനക്കാർ അനുബന്ധ രേഖകൾ സഹിതം ബന്ധപെട്ട സ്ഥാപനമേധാവികൾക്ക് 13.12.2023 നകം പരാതികൾ നൽകേണ്ടതാണ്.ആയവ വ്യക്തമായ ശുപാർശയോടെ 18.12.2023 നകം CRU വഴി ലഭ്യമാക്കേണ്ടതാണ്.

ജോയിന്റ്ൻ ഡയറക്ടർ ഓഫ് ട്രെയിനിംഗ്

സ്വീകർത്താവ്:-

വകുപ്പിലെ ബന്ധപെട്ട ജീവനക്കാർക്ക്(വകുപ്പ് വെബ്സൈറ്റ് മുഖേന)

Signed by
Retheesan.c
Date: 29-11-2023 19:13:24